**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2545 — 09.03.2017 ൽ മറുപടിക്ക്.

# വേജ് പ്രൊട്ടക്ഷൻ സിസ്റ്റം വഴി ശമ്പള വിതരണം

**ചോദ്യം**

ശ്രീ.കെ.സി.ജോസഫ്.
,, കെ.മുരളീധരൻ .
,, സണ്ണി ജോസഫ്
,, എം. വിൻസെന്റ്

**മറുപടി**

ശ്രീ. ടി. പി. രാമകൃഷ്ണൻ
തൊഴിലും എക്സൈസും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| (എ) ലേബർ ഓഫീസിന്റെ പരിധിയിലുള്ള സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ജനവരി മുതലുള്ള ശമ്പളം വേജ് പ്രൊട്ടക്ഷൻ സിസ്റ്റം വഴി വിതരണം ചെയ്യണമെന്ന നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടുണ്ടോ; | (എ) ലേബർ ഓഫീസിന്റെ പരിധിയിലുള്ള സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ശമ്പളം വേജ് പ്രൊട്ടക്ഷൻ സിസ്റ്റം വഴി വിതരണം ചെയ്യണമെന്ന നിർദേശം സംസ്ഥാനത്തെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ മുഖേന നടപ്പിലാക്കി വരുന്നു. |
| (ബി) നിലവിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കാണ് ഈ പദ്ധതി പ്രാവർത്തികമാക്കിയിട്ടുള്ളത്; | (ബി) പ്രാരംഭ ഘട്ടത്തിൽ കടകൾ, വാണിജ്യ സ്ഥാപനങ്ങൾ, സ്റ്റാർ ഹോട്ടലുകൾ, സെക്യൂരിറ്റി സർവ്വീസുകൾ, കംപ്യൂട്ടർ സോഫ്റ്റ് വെയർ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ, സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നീ മേഖലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്. എന്നാൽ നിലവിൽ എല്ലാ തരം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വരുന്നു. |
| (സി) ഈ സിസ്റ്റം വഴി ശമ്പളം വിതരണം ചെയ്യാത്ത സ്ഥാപന ഉടമകൾക്കെതിരെ ശിക്ഷാനടപടിക്ക് വ്യവസ്ഥയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) പട്ടികയിൽ ഉൾപ്പെട്ട തൊഴിൽ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ വേതനം ഈ പദ്ധതി വഴി വിതരണം ചെയ്യുന്നത് നിർബന്ധമാക്കിക്കൊണ്ട് 1948 ലെ മിനിമം വേതന ചട്ടത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത വ്യവസ്ഥയുടെ ലംഘനം മിനിമം വേതന ചട്ടത്തിന്റെ ലംഘനമായി കണക്കാക്കുന്നു. നിലവിൽ ഇതിനുള്ള ശിക്ഷ 500/- രൂപ മാത്രമാണ്. ആയത് വർദ്ധിപ്പിക്കുന്നതിന് മിനിമം വേതന ചട്ടം ഭേദഗതി ചെയ്യുന്ന വിഷയം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ